# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

ടോൾ പിരിവ്

4610 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം ബൈപ്പാസുകളിൽ/പാലങ്ങളിൽ നിന്നും ടോൾ പിരിക്കുന്നു എന്നും എന്നുമുതലാണ് ഇവയിൽ ടോൾ പിരിവു തുടങ്ങിയത് എന്നും എപ്പോൾ ഇത് അവസാനിപ്പിക്കാനാണ് തീരുമാനം എന്നും വ്യക്തമാക്കാമോ;

(ബി) നാഷണൽ ഹൈവേ/സ്റ്റേറ്റ് ഹൈവേകളിലെ പാലങ്ങൾക്ക് ടോൾ പിരിവിനായി നിയോഗിച്ച കരാറുകാരിൽ ഓരോരുത്തരും എന്തു തുക വീതം അടയ്ക്കാനുണ്ട്; വിശദമാക്കുമോ;

(സി) ഇവരിൽ നിന്നും പ്രസ്തുത കരാർ തുക പിരിച്ചെടുക്കാൻ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ഡി) ബൈപ്പാസുകളിലെ കരാറുകാരിൽ എത്ര പേർ എന്തു തുക വീതം സർക്കാരിന് അടയ്ക്കാനുണ്ട്; പ്രസ്തുത തുക പിരിച്ചെടുക്കാൻ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ഇ) വിവിധ ടോൾ ബൂത്തുകളിൽ ശബരിമല തീർത്ഥാടന കാലത്ത് കരാറിൽ പറയുന്നതിൽ കൂടുതൽ ടോൾ മറ്റു സംസ്ഥാന വാഹനയാത്രക്കാരിൽ നിന്നും പിരിച്ചെടുത്തതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

പുതുക്കാട് മണ്ഡലത്തിലെ പാല്യക്കര ടോൾ പ്ലാസ്സയിൽ സൗജന്യ പാസ്സ്

4611 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 19.11.2013 തീയതിയിലെ 15783/എച്ച്2/12/പി. ഡബ്ല്യൂ. ഡി. എന്ന കത്ത് പ്രകാരം പുതുക്കാട് മണ്ഡലത്തിലെ പാല്യക്കര ടോൾ പ്ലാസ്സയിൽ സൗജന്യപാസ്സ് ലഭിക്കുന്നതിനുവേണ്ടി ആൾക്കാർക്ക് പല ഓഫീസുകളിൽ പോകേണ്ടിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കാരണം സ്ഥലവാസികൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിൽ സൗജന്യപാസ്സ് വിതരണം ചെയ്യുന്നതുപോലെ പാല്യക്കര ടോൾ പ്ലാസ്സയിൽനിന്നും പാസ്സ് വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പല ഓഫീസുകളിലായി പോയി നടപടികൾ തീർപ്പാക്കുന്നതിന് പകരം ടോൾ പ്ലാസ്സയിൽ സൗജന്യപാസ്സ് വിതരണത്തിനായി ഒരു ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

റോഡരികിലെ ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കാൻ നടപടി

4612

ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ അരികിൽ സ്ഥിതി ചെയ്യുന്ന പൊതുമരാമത്ത് ചരിത്ര സ്മാരകങ്ങളായ വഴിയമ്പലങ്ങൾ, ചുമടുതാങ്ങികൾ, പഴയകാല മൈൽക്കുറ്റികൾ തുടങ്ങിയവ സംരക്ഷണം കൂടാതെ നശിച്ചും അന്യാധീനപ്പെട്ടും പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡരികിലെ ഇത്തരം ചരിത്ര സ്മാരകങ്ങൾ യഥാവിധി സൗകര്യപ്രദമായി പുന:സ്ഥാപിച്ച് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014–ലെ മറുപടിക്ക്

റോഡ് നിർമ്മാണ സംവിധാനം

4613 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, സി. മമ്മൂട്ടി
,, പി. ഉബൈദുള്ള
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ പ്രവർത്തനക്ഷമതയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനും, മഴക്കാലത്തുണ്ടാകുന്ന തകർച്ച ഒഴിവാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി റോഡ് നിർമ്മാണ സംവിധാനത്തിൽ മാറ്റം വരുത്തുന്നതിനും, സാങ്കേതിക മികവ് ഉറപ്പുവരുത്താനും ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇക്കഴിഞ്ഞ കാലവർഷക്കാലത്ത് റോഡുകൾക്കുണ്ടായ നാശനഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വ്യാപ്തി എത്രത്തോളമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

സി. ആര്‍. ഐ. പി. പദ്ധതി

4614 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നഗരത്തിലെ റോഡുകള്‍ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്ന പദ്ധതിയില്‍ (സി.ആര്‍.ഐ.പി.) ഇപ്പോള്‍ സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങളെയാണ് ഉള്‍പ്പെടുത്തിയിരിക്കുന്നത് ;

(ബി) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം സി.ആര്‍.ഐ.പി. പദ്ധതി വിജയകരമായി നടപ്പാക്കുന്നതിന് ഇതിനകം എന്തെല്ലാം നടപടികള്‍ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) മലപ്പുറം നഗരത്തില്‍ സി.ആര്‍.ഐ.പി. പദ്ധതി നടപ്പാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികള്‍ വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>റോഡ് ശൃംഖലയുടെ ഗുണമേന്മ</u>

4615 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പരിഗണനയാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുന്ന കാര്യം ആലോചിക്കുമോ; വിശദാംശങ്ങളെന്തെല്ലാം;

(സി) എത്ര കിലോമീറ്റർ റോഡാണ് ഈ ശൃംഖലയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ഹിൽ ഹൈവേ പ്രോജക്ട്</u>

4616 ശ്രീ. സണ്ണി ജോസഫ്
'' എ. റ്റി. ജോർജ്
'' സി. പി. മുഹമ്മദ്
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹിൽ ഹൈവേ പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഇത് സമയബന്ധിതമായി നടപ്പാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഈ പ്രോജക്ടുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്നതിനുള്ള പദ്ധതി</u>

4617 ശ്രീ. എം. എ. വാഹീദ്
,, പാലോട് രവി
,, എം. പി. വിൻസെന്റ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പു**
**മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ പൊതുമരാമത്തുവകുപ്പ് ഏറ്റെടുക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എത്ര കിലോമീറ്റർ റോഡാണ് ഇപ്രകാരം ഏറ്റെടുക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കരമന - കളിയിക്കാവിള ദേശീയപാത വികസനം</u>

4618 ശ്രീ. വി. ശിവൻകുട്ടി
'' കോലിയക്കോട് എൻ. കൃഷ്ണൻ നായർ
'' കെ.വി. വിജയദാസ്
'' ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരമന - കളിയിക്കാവിള ദേശീയപാത വികസനം ഏത് ഘട്ടത്തിലാണ്;

(ബി) കരമന - കാരയ്ക്കമണ്ഡപം ദേശീയപാതയ്ക്കായുള്ള സ്ഥലമെടുപ്പ് പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; സ്ഥലമെടുപ്പ് പ്രവൃത്തികൾ എന്ന് പൂർത്തിയാകും എന്നറിയിക്കാമോ; അയതിന് ഫണ്ടിന്റെ അഭാവം അനുഭവപ്പെടുന്നുണ്ടോ;

(സി) കാരയ്ക്കമണ്ഡപം - പ്രാവച്ചമ്പലം മേഖലയിലെ സ്ഥലമെടുപ്പ് എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി വിജ്ഞാപനം ആയിട്ടുണ്ടോ;

(ഡി) കരമന - കളിയിക്കാവിള ദേശീയപാത വികസനം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിയ്ക്കുന്നത്?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

കോതമംഗലം നിയോജകമണ്ഡലത്തിലെ തങ്കളം-കോഴിപ്പള്ളി ബൈപ്പാസ് നിർമ്മാണം

4619 ശ്രീ. റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ തങ്കളം-കോഴിപ്പള്ളി ബൈപ്പാസ് നിർമ്മാണം മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സർവ്വേ നമ്പറിൽ വന്ന പിശകുമൂലം നാലുവർഷമായി പ്രസ്തുത പദ്ധതി മുടങ്ങിക്കിടക്കുന്നത് പുനരാരംഭിക്കുവാൻ എന്തെല്ലാം നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ-കൊല്ലം നാഷണൽ ഹൈവേ ബൈപ്പാസ് റോഡ് നിർമ്മാണം</u>

T.4620 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ-കൊല്ലം നാഷണൻ ഹൈവേ ബൈപ്പാസ് റോഡിനെ പ്രത്യേക പാക്കേജായി പരിഗണിച്ച് മുൻ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് കേന്ദ്ര സർക്കാർ വാഗ്ദാനം ചെയ്ത തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി, വാഗ്ദാനത്തിൽ ഒതുങ്ങാനിടയായത് എന്തു കൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(സി) മറ്റു സംസ്ഥാനങ്ങളിൽ ദേശീയ പാതയുടെയും ബൈപ്പാസിന്റേയും നിർമ്മാണച്ചുമതല കേന്ദ്ര സർക്കാർ ഏറ്റെടുക്കുമ്പോൾ കേരളത്തിൽ ഇത്തരം പദ്ധതികളുടെ അൻപതു ശതമാനം സംസ്ഥാന സർക്കാർ വഹിക്കണമെന്ന് ആവശ്യപ്പെടുന്നതിനുള്ള ന്യായീകരണം എന്താണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>റോഡുകളിലെ ഹംപുകൾ</u>

4621 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളിൽ ഹംപ് സ്ഥാപിക്കുന്നതു സംബന്ധിച്ച് അവസാനം പുറപ്പെടുവിച്ച കോടതിയുത്തരവിൽ സർക്കാരിനു നൽകുന്ന നിർദ്ദേശങ്ങൾ എന്തൊക്കെയെന്നു വ്യക്തമാക്കുമോ;

(ബി) ഹംപുകൾ ശാസ്ത്രീയമായി സ്ഥാപിക്കുന്നതു സംബന്ധിച്ച് എന്തെല്ലാം നടപടികളാണു സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതി

4622

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന റോഡ്/പാലം നിർമ്മാണങ്ങളുടെ പ്രയോറിറ്റി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി എന്തു തുകയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാനാണ് തീരുമാനിച്ചതെന്ന് വിശദമാക്കാമോ;

(സി) കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 04.02.2014–ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ട് വിനിയോഗം</u>

4623 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013–14 വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് ബഡ്ജറ്റ് വിഹിതതത്തിൽ നിന്ന് ഡിസംബർ 13 വരെ എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കാലവർഷക്കെടുതിയിൽ തകർന്ന ഗ്രാമീണ റോഡുകളുടെ നവീകരണം</u>

4624 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയിൽ തകർന്ന ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് 2013-2014 സാമ്പത്തിക വർഷത്തിൽ ഇതുവരെ ഓരോ മണ്ഡലത്തിലും എന്തു തുക വീതം അനുവദിച്ചു എന്നതു സംബന്ധിച്ച വിശദവിവരം നൽകുമോ;

(ബി) വരും വർഷങ്ങളിൽ ഇതിനുവേണ്ടി തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഓരോ നിയോജക മണ്ഡലങ്ങൾക്കും എന്തു തുക നൽകുമെന്നു അറിയിക്കുമോ?

## കേരള നിയമസഭ
## 04.02.2014–ലെ മറുപടിക്ക്

പൊതുമരാമത്ത് നടത്തുന്ന വിവിധ റോഡ് നിർമ്മാണ പ്രവൃത്തികൾ

4625 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് മുഖേന നടത്തുന്ന വിവിധ റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടും പ്രവൃത്തികൾ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം കൂടാതെ പ്രവൃത്തികൾ ആരംഭിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് നടപടിയെന്തെന്ന് വ്യക്തമാക്കാമോ;

(ബി) വൈപ്പിൻ മണ്ഡലത്തിലെ എത്ര പ്രവൃത്തികളാണ് അനുമതി ലഭിച്ചിട്ടും ഇനിയും ആരംഭിക്കാത്തതെന്ന് വ്യക്തമാക്കാമോ;

(സി) എഗ്രിമെന്റ് കാലാവധി കഴിഞ്ഞിട്ടും പൂർത്തിയാക്കാത്ത പ്രവൃത്തികൾ ഏതൊക്കെയെന്നും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടിയെന്തെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 04.02.2014–ലെ മറുപടിക്ക്

കോങ്ങാട് മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റോഡുകൾ

4626 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേയും സ്റ്റേറ്റ് ഹൈവേയും അല്ലാത്തതും എന്നാൽ പൊട്ടിപ്പൊളിഞ്ഞുപോയിട്ടുള്ളതുമായ പി.ഡബ്ല്യൂ.ഡി. റോഡുകൾ സമയബന്ധിതമായി നന്നാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) കോങ്ങാട് മണ്ഡലത്തിൽ ഇത്തരത്തിൽ പണിപൂർത്തീകരിക്കേണ്ട റോഡുകളുടെ വിവരങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത റോഡുകളുടെ പണി ഈ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>മൂക്കന്നൂർ ഏഴാറ്റുമുഖം റോഡ് ഉയർത്തുന്ന നടപടി</u>

4627 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ണുത്തി നാഷണൽ ഹൈവേയുടെ ആരംഭ സ്ഥലമായ കോതകുളങ്ങരയ്ക്കടുത്തുള്ള കരയാംപറമ്പ് മൂക്കന്നൂർ കവലയിലെ കുത്തനെ ഇറക്കത്തിലുള്ള മൂക്കന്നൂർ ഏഴാറ്റുമുഖം റോഡ് ഉയർത്തുന്നതിനായി പൊതുമരാമത്ത് സെക്രട്ടറി 17.08.2012ലെ 5656/D3/2012/PWD നമ്പർ കത്ത് പ്രകാരം ദേശീയ പാത വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയ നിർദ്ദേശത്തിൻമേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുന്നതിലെ കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കല്യാശ്ശേരിയിലെ റോഡുകൾ പുനരുദ്ധരിക്കുന്നതിന് നടപടി</u>

4628 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രധാന റോഡായ പാണപ്പുഴ - കണാരംവയൽ റോഡ്, കുപ്പംചുടല - പാണപ്പുഴ റോഡ് എന്നിവ പുനരുദ്ധരിക്കുന്നതിനും ഗതാഗത യോഗ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ ?

# കേരള നിയമസഭ
## 04.02.2014–ലെ മറുപടിക്ക്

**കാസര്‍ഗോഡ് ജില്ലയില്‍ പി.എം.ജി.എസ്.വൈ. പ്രകാരം അനുവദിച്ച റോഡുകള്‍**

4629 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ പി.എം.ജി.എസ്.വൈ. പ്രകാരം അനുവദിച്ച റോഡുകളുടെ മണ്ഡലം തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ ;

(ബി) ഇതുവരെ പണി ആരംഭിക്കാത്ത റോഡുകള്‍ ഉണ്ടെങ്കില്‍ അത് ഏതൊക്കെയാണെന്നും ഇക്കാര്യത്തില്‍ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.02.2014–ലെ മറുപടിക്ക്

റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് കേന്ദ്രസഹായം

4630 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കനത്തമഴമൂലവും മെയിന്റനൻസ് ഇല്ലാത്തതിനാലും തകർന്ന റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ട സഹായം എത്ര കോടി രൂപയുടേതായിരുന്നു;

(ബി) ഇതിൽ എത്ര കോടി രൂപ ഇതിനകം അനുവദിച്ച് കിട്ടുകയുണ്ടായി; ഏതെല്ലാം റോഡുകൾക്ക് എന്നറിയിക്കുമോ;

(സി) ദേശീയപാതയിൽ അറ്റകുറ്റപ്പണി ചെയ്ത വകയിൽ സംസ്ഥാനത്തിന് ലഭിക്കാൻ ബാക്കി നിൽപുള്ള തുക എത്ര; തന്നാണ്ടിൽ ഇതിനകം ലഭിച്ച തുക എത്ര?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക</u>

4631 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പ്രവൃത്തി നടത്തിയ കരാറുകാർക്ക് എത്ര തുക കുടിശ്ശിക നൽകാനുണ്ടെന്ന് ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ കരാറുകാർക്ക് കൊടുത്തുതീർക്കുവാനുള്ള കുടിശ്ശിക</u>

4632 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കാസറഗോഡ് ജില്ലയിലെ കരാറുകാർക്ക് എത്ര കുടിശ്ശികയുണ്ടായിരുന്നു;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരാറുകാർക്ക് നൽകാനുള്ള എത്ര കുടിശ്ശിക കൊടുത്തു തീർത്തു;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശേഷമുള്ള കുടിശ്ശിക എത്രയാണ്; എത്ര കുടിശ്ശിക കൊടുത്തു തീർത്തു; ഇനി എത്ര കുടിശ്ശിക ബാക്കിയുണ്ട്?

# കേരള നിയമസഭ
# 04.02.2014–ലെ മറുപടിക്ക്

<u>പാപ്പിനിശ്ശേരി – പിലാത്തറ റോഡിന്റെ നിർമ്മാണ പുരോഗതി</u>

4633 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലുടെ കടന്നു പോകുന്ന പാപ്പിനിശ്ശേരി – പിലാത്തറ റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>തൈക്കാട് - വെള്ളയമ്പലം റോഡ് നടപ്പാത നിർമ്മാണത്തിലെ പാകപ്പിഴ</u>

4634 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൈയ്ക്കാട് - വെളളയമ്പലം റോഡിനോട് ചേർന്ന നടപ്പാതകളുടെ നിർമ്മിതി തീർത്തും അശാസ്ത്രീയമായ വിധത്തിലായതു കാരണം വൃദ്ധർക്കും, അംഗപരിമിതിയുളളവർക്കും ഈ നടപ്പാത ഉപയോഗിക്കാൻ കഴിയുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; സുഗമമായ കാൽനടയാത്രയ്ക്കുതകും വിധം പ്രസ്തുത നടപ്പാത പരിഷ്ക്കരിക്കുമോ;

(ബി) റോഡു വക്കിലെ പൂൽത്തകിടികളുടെ നനയ്ക്കൽ രാത്രികാലങ്ങളിലേക്കാക്കി ജലോപയോഗം കുറയ്ക്കുകയും ഗതാഗത തടസ്സത്തിനുളള സാഹചര്യം ഒഴിവാക്കുകയും ചെയ്യുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

തങ്കളം-കാക്കനാട് റോഡ് നിർമ്മാണം

4635 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ തങ്കളം-കാക്കനാട് റോഡിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) സ്ഥലം ഏറ്റെടുപ്പിനും റോഡ് നിർമ്മാണത്തിനും ആവശ്യമായ തുക നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**04.02.2014-ലെ മറുപടിക്ക്**

<u>തുറവൂർ - പമ്പാ പാത</u>

4636 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തുറവൂർ പമ്പാ പാതയുടെ നാലാം ഘട്ടമായ പള്ളിത്തോട് മുതൽ ഉദയനാപുരം ജംഗ്ഷൻ വരെയുള്ള റോഡിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിയ നിർമ്മാണ പ്രവൃത്തികൾ</u>

4637 ശ്രീ. കെ വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ പൊതുമരാമത്ത് വകുപ്പ് ടെണ്ടർ ചെയ്ത എത്ര നിർമ്മാണ പ്രവൃത്തികൾ, എൽ വൺ ആയി വന്ന കരാറുകാർക്ക് നല്കാതെ കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകുകയുണ്ടായി; അവ ഏതൊക്കെ; അവ ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്ര; ഓരോന്നിന്റെയും ടെണ്ടർ എക്സസ് എത്ര ശതമാനം വീതമാണ്?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>തലശ്ശേരി മണ്ഡലത്തിലെ റോഡുകളുടെ ശോച്യാവസ്ഥ</u>

4638 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം തലശ്ശേരി നിയോജകമണ്ഡലത്തിലെ ഏതൊക്കെ റോഡുകളുടെ ശോച്യാവസ്ഥയ്ക്ക് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഓരോ നിവേദനത്തിന്മേലും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത നിവേദനങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള ഓരോ പദ്ധതിക്കും എന്ത് തുക വീതം നീക്കിവച്ചിട്ടുണ്ടെന്നും എന്ത് തുക ഇതിനകം ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കോട്ടയം ജില്ലയിലെ ഒറ്റത്തവണ ടാർചെയ്യൽ പദ്ധതി</u>

4639 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തിൽ കോട്ടയം ജില്ലയിൽ ഉൾപ്പെട്ട ഓരോ പി.ഡബ്ല്യു.ഡി. സബ്ഡിവിഷനുകൾക്കും അനുവദിച്ച തുക എത്രയെന്നും അവ ഏതൊക്കെ പ്രവൃത്തികൾക്കാണെന്നും ഇതിൽ ഏതൊക്കെ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ബഡ്ജറ്റിൽ അനുവദിച്ച പ്രവൃത്തികൾക്ക് പുറമെ ജില്ലയിലെ ഓരോ സബ്ഡിവിഷനിലും കൂടുതലായി അനുവദിച്ച പ്രവൃത്തികളും അനുവദിച്ച തുകയും വിശദമാക്കുമോ;

(സി) ബഡ്ജറ്റിൽ അനുമതി നൽകിയ പ്രവൃത്തികൾക്ക് പുറമെ കൂടുതൽ ജോലികൾ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ;

(ഡി) കോട്ടയം ജില്ലയിലെ ഓരോ സബ്ഡിവിഷനിലും ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുമതി നൽകിയതിനു പുറമെ എത്ര ശതമാനം അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) ഒറ്റത്തവണ ടാർ ചെയ്യൽ പദ്ധതിക്കായി ജില്ലയിലെ ഓരോ പി.ഡബ്ല്യു.ഡി. സബ്ഡിവിഷനും എത്ര തുക വീതം അനുവദിച്ചു എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ റോഡു നിർമ്മാണ പ്രവർത്തനങ്ങൾ</u>

4640 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലമുൾപ്പെടുന്ന പ്രദേശത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന റോഡു പ്രവൃത്തികൾ ഏതെല്ലാമെന്നും നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നുമുളള വിശദവിവരം ലഭ്യമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ കാലതാമസം നേരിടുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കാമോ;

(സി) ഓരോ പ്രവൃത്തിയും എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>കണ്ണൂർ ജില്ലയിലെ റോഡ് വികസനത്തിനായി ഭരണാനുമതി</u>

4641 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകൾ പുനരുദ്ധരിക്കുന്നതിനുള്ള ഭരണാനുമതിക്കു വേണ്ടി കണ്ണൂർ ജില്ലയിലെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം റോഡുകളാണ് പരിഗണനയിലുള്ളതെന്ന് നിയോജകമണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ടോ; ഇല്ലെങ്കിൽ ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>മങ്കട നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ</u>

4642 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മങ്കട നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇതുവരെ ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പുരോഗതി അറിയിക്കുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത്
നടപ്പിലാക്കിയ പ്രവൃത്തികൾ</u>

4643 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) 2013-14 വർഷം മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗം നിർദ്ദേശിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ;

(സി) ഈ പ്രവൃത്തികൾക്ക് ആവശ്യമായ ഫണ്ട് അനുവദിച്ച് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ഭരണാനുമതി നീട്ടിക്കൊടുക്കുവാൻ നടപടി</u>

4644 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഭരണാനുമതി ലഭിച്ച് ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കാത്ത സർക്കാർ പദ്ധതികൾക്ക് ഭരണാനുമതി നീട്ടികൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കായംകുളം, കൃഷ്ണപുരം വില്ലേജാഫീസുകളുടെ പുതിയ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി</u>

4645 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ലി മണ്ഡലത്തിലെ കായംകുളം, കൃഷ്ണപുരം വില്ലേജാഫീസുകളുടെ പുതിയ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

കടമക്കുടി, എളങ്കുന്നപ്പുഴ എന്നിവിടങ്ങളിലെ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ നിർമ്മാണ പ്രവൃത്തികൾ

4646

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കടമക്കുടി, എളങ്കുന്നപ്പുഴ എന്നിവിടങ്ങളിലെ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന കാലാവധി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് തടസ്സങ്ങളുണ്ടെങ്കിൽ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>വയനാട് ജില്ലാ കോടതി കെട്ടിടനിർമ്മാണ പ്രവൃത്തി</u>

4647 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റയിലെ കോടതികളിലെ സ്ഥല പരിമിതി മൂലം കോടതി വ്യവഹാരങ്ങൾക്കെത്തുന്ന ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വയനാട് ജില്ലാ കോടതിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ഏതു ഘട്ടം വരെയായിയെന്നു വിശദമാക്കുമോ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>പെരുമണ്‍ പാലത്തിന്റെ നിര്‍മ്മാണ പ്രവര്‍ത്തനം</u>

4648 ശ്രീ. പി. കെ. ഗുരുദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത്**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊല്ലം-കുന്നത്തൂര്‍ താലൂക്കുകളെ ബന്ധിപ്പിക്കുന്ന പെരുമണ്‍ നിന്നും അഷ്ടമുടി കായല്‍ കടന്നു പേഴംതുരുത്തുവരെയുള്ള പെരുമണ്‍ പാലത്തിന്റെ നിര്‍മ്മാണ പ്രവര്‍ത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസത്തിനു കാരണം വിശദമാക്കുമോ;

(ബി) അപ്രോച്ച് റോഡിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികളുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് അറിയുമോ; വിശദമാക്കുമോ;

(സി) നിര്‍മ്മാണ പ്രവര്‍ത്തനത്തിന്റെ ചുമതല കണ്‍സ്ട്രക്ഷന്‍ കോര്‍പ്പറേഷനെ ഏല്‍പ്പിച്ചിട്ടുണ്ടോ;

(ഡി) എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ മുപ്പാലം പുതുക്കി പണിയാൻ നടപടി</u>

4649

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മുപ്പാലത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുപ്പാലം പുതുക്കി പണിയുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ആലപ്പുഴ നഗരത്തിലെ ഗതാഗത കുരുക്ക് ഒഴിവാക്കാൻ മുപ്പാലം വീതി കൂട്ടി പുതുക്കിപ്പണിയാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ഇത്തിക്കര ആറിനു കുറുകെ നടപ്പാലം</u>

4650 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ മരക്കുളം എന്ന സ്ഥലത്ത് ഇത്തിക്കര ആറിന് കുറുകെ നടപ്പാലം നിർമ്മിക്കുന്നതിന് നിർദ്ദേശം ലഭിച്ചിരുന്നോ; എങ്കിൽ എന്നാണ് നിർദ്ദേശം ലഭിച്ചതെന്നും നടപ്പാലം പ്രാവർത്തിക മാക്കുന്നതിനുള്ള തടസ്സം എന്തായിരുന്നുവെന്നും അറിയിക്കാമോ ;

(ബി) പ്രസ്തുത നടപ്പാലം നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നടപ്പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

**കേരള നിയമസഭ**
**04.02.2014-ലെ മറുപടിക്ക്**

<u>ധർമ്മടം നിയോജകമണ്ഡത്തിലെ ചേക്കുപ്പാലം നിർമ്മിക്കുന്നതിന് നടപടി</u>

4651 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജകമണ്ഡലത്തിലെ ചേക്കുപ്പാലം നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ഭരണാനുമതി എന്നത്തേക്ക് നൽകുമെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ മുല്ലച്ചേരി പാലം</u>

4652 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മുല്ലച്ചേരി പാലം അപകടാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലം പുതുക്കി പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ധർമ്മടം മണ്ഡലത്തിലെ തട്ടാറിപ്പാലം നിർമ്മിക്കുന്നതിനുള്ള നടപടി</u>

4653 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധർമ്മടം മണ്ഡലത്തിലെ തട്ടാറിപ്പാലം നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭരണാനുമതി എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ബഹുനില വാഹന പാർക്കിംഗ്</u>

4654 ശ്രീ. വി. ഡി. സതീശൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ വാഹനങ്ങൾക്ക് ബഹുനില പാർക്കിംഗ് സംവിധാനം നിർമ്മിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>റസ്റ്റ് ഹൗസുകളുടെ നവീകരണം</u>

4655 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ലൂഡി ലൂയിസ്
,, കെ. ശിവദാസൻ നായർ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റസ്റ്റ് ഹൗസുകൾ പുതുക്കി പണിയുന്നതിന് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനുള്ള തുക എങ്ങനെ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതിയ്ക്കായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>റസ്റ്റ് ഹൗസുകളുടെ വാടക</u>

4656 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസുകളുടെ വാടക നിരക്ക് ഈ സർക്കാർ വന്നതിനു ശേഷം വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പ്രാവശ്യം വർദ്ധിപ്പിച്ചു; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) റസ്റ്റ് ഹൗസുകളിൽ ആർക്കെല്ലാമാണ് സൗജന്യ താമസം അനുവദിച്ചിട്ടുള്ളത്;

(സി) സർക്കാർ ജീവനക്കാർക്ക് ഔദ്യോഗിക ആവശ്യത്തിന് മുറി അനുവദിക്കുന്നതിൽ മുൻഗണനയുണ്ടോ; ജീവനക്കാർക്ക് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള വാടക നിരക്ക് എപ്രകാരമാണ്;

(ഡി) സർക്കാർ ജീവനക്കാർക്ക് സ്വകാര്യ ആവശ്യത്തിന് കുടുംബസമേതം തങ്ങുന്നതിന് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള വാടക എപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ചടയമംഗലത്ത് റസ്റ്റ് ഹൗസ്</u>

4657 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എം. സി. റോഡിൽ കൊട്ടാരക്കരയ്ക്കും തിരുവനന്തപുരം സിറ്റിക്കുമിടയിൽ പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ ഇല്ലാത്ത സാഹചര്യത്തിൽ ചടയമംഗലം ടൗണിൽ റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

പെരിയയിൽ പുതിയ പി.ഡബ്ല്യൂ.ഡി. ഗസ്റ്റ് ഹൗസ്

4658 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ യുണിവേഴ്സിറ്റിയുടെ ആസ്ഥാനം നില കൊള്ളുന്ന കാസറഗോഡ് ജില്ലയിലെ പെരിയയിൽ പുതിയ പി.ഡബ്ല്യൂ.ഡി. ഗസ്റ്റ്ഹൗസ് അനുവദിക്കണമെന്ന സ്ഥലം എം.എൽ.എ.യുടെ ഹർജിയിന്മേൽ പി. ഡബ്ല്യൂ.ഡി. സാധ്യതാ റിപ്പോർട്ട് തേടിയുട്ടുണ്ടോ ;

(ബി) സാധ്യതാ റിപ്പോർട്ട് ബന്ധപ്പെട്ടവർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് സംബന്ധിച്ച് എന്ത് തുടർനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

തിരുവല്ല റസ്റ്റ് ഹൗസ് വക സ്ഥലത്തെ അനധികൃത കയ്യേറ്റം

4659 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ലയിലെ പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഏഴര സെന്റ് ഭൂമി ചിലർ അനധികൃതമായി കൈവശപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സർക്കാരിന് ലഭിച്ച പരാതികളെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ; കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) കയ്യേറ്റഭൂമി ഒഴിപ്പിക്കുന്നതിനുള്ള നടപടി അന്നമ്മ തോമസ് എന്ന വ്യക്തിയുടെ ഹർജി പരിഗണിച്ച് മുഖ്യമന്ത്രി സ്റ്റേ ചെയ്യുകയുണ്ടായിട്ടുണ്ടോ; ഇത് നിയമാനുസൃതമായിരുന്നുവോ;

(ഡി) കയ്യേറ്റ ഭൂമി എത്രയും പെട്ടെന്ന് ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

റസ്റ്റ് ഹൗസുകളിലെ ദിവസവേതനക്കാർ

4660 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം എങ്ങനെയാണ് നടത്തുന്നത്;

(ബി) ഇവിടെയുള്ള ജീവനക്കാർക്ക് ദിവസവേതനാടിസ്ഥാനത്തിലാണോ ശമ്പളം നൽകുന്നത്;

(സി) മുഴുവൻ ദിവസവും ജോലി നോക്കുന്ന ഇവർക്ക് ശമ്പളയിനത്തിൽ എത്ര രൂപയാണ് നൽകുന്നത്; ഇത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇവരെ സി.എൽ.ആർ. ആയി പരിഗണിക്കുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ 4 ജി കേബിൾ ശൃംഖല</u>

4661 ശ്രീ. ഇ. പി. ജയരാജൻ
,, ബി. സത്യൻ
,, കെ. വി. വിജയദാസ്
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലെ റോഡുകളിൽ നാലാം തലമുറ ഫോണുകൾക്കുവേണ്ടിയുള്ള 4 ജി കേബിൾ ശൃംഖല സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതു സംബന്ധമായി കേന്ദ്രസർക്കാർ നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കുമോ;

(ബി) ഇതിനായി ടെലികോം കമ്പനികളിൽനിന്നും ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കേബിൾ ശൃംഖല സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് റിലയൻസ് കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; മേൽപ്പറഞ്ഞ നടപടിക്രമങ്ങളിലൂടെയാണോ കരാറിൽ ഏർപ്പെട്ടിട്ടുള്ളത്; ഒപ്പുവെച്ച കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) റിലയൻസുമായി കരാറിൽ ഏർപ്പെടുന്നതിനുമുമ്പായി ഇൻഫർമേഷൻ ടെക്നോളജി, ധനകാര്യം, നിയമം എന്നീ വകുപ്പുകളുമായി ആശയവിനിമയം നടത്തിയിട്ടുണ്ടായിരുന്നുവോ; ഇല്ലെങ്കിൽ കാരണമെന്ത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കോഴിക്കോട്, തിരുവനന്തപുരം മോണോ റെയിൽ പദ്ധതി</u>

4662 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, തിരുവനന്തപുരം മോണോ റെയിൽ പദ്ധതിക്ക് ആവശ്യമായി വരുമെന്ന് കണക്കാക്കപ്പെട്ട ചെലവ് എത്ര കോടി രൂപയാണ് ; ഇതിനായി ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തിയിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതിക്ക് ഏതെങ്കിലും സ്ഥാപനത്തിൽ നിന്നുള്ള വായ്പ ഉറപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ ഏത് സ്ഥാപനത്തിൽ നിന്ന് എന്തെല്ലാം വ്യവസ്ഥകളിന്മേൽ എന്ത് തുക എന്നറിയിക്കാമോ ;

(സി) പദ്ധതി ചെലവിലേക്കുള്ള പണം കണ്ടെത്തുന്നതിനു മുമ്പ് ആഗോള ടെണ്ടർ ക്ഷണിച്ചതുകൊണ്ട് സാമ്പത്തിക പ്രതിസന്ധിയിലായിട്ടുള്ള സംസ്ഥാനത്തിന്റെ ടെണ്ടറിൽ പങ്കെടുക്കാൻ പ്രമുഖ കമ്പനികൾ ഒന്നും തയ്യാറായിട്ടില്ലെന്ന വാർത്ത ശരിയാണോ ;

(ഡി) എത്ര കമ്പനികൾ താത്പര്യപത്രം നല്കുകയുണ്ടായി; ഇതുമായി ഡി.എം.ആർ.സി. മുന്നോട്ട് പോകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) വ്യവസ്ഥകളിൽ മാറ്റം വരുത്തി വീണ്ടും ടെണ്ടർ ക്ഷണിക്കാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്തെല്ലാം വ്യവസ്ഥകളിലാണ് മാറ്റം വരുത്തിയത് ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

മുള്ളൂർക്കര-പൈങ്കുളം റെയിൽവേ ക്രോസുകളിലെ മേൽപ്പാലങ്ങൾ

4663

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ മുള്ളൂർക്കര, പൈങ്കുളം റെയിൽവേ ക്രോസുകളിലെ ഗതാഗത തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ രണ്ട് റെയിൽവേ ക്രോസുകളിലും മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടി എന്തെങ്കിലും പഠനങ്ങൾ സംസ്ഥാന സർക്കാരോ, റെയിൽവേയോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി സമർപ്പിക്കുവാൻ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ഡി) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ പ്രസ്തുത മേൽപ്പാലങ്ങൾ നിർമ്മിക്കുവാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത മേൽപ്പാലങ്ങൾ നിർമ്മിക്കുവാനാവശ്യമായ തുക അനുവദിച്ച് ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>സർക്കാർ കെട്ടിടങ്ങളിൽ അംഗവൈകല്യമുള്ളവർക്ക് നൽകുന്ന സൗകര്യങ്ങൾ</u>

4664

ശ്രീ. വർക്കല കഹാർ
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ കെട്ടിടങ്ങളിൽ അംഗവൈകല്യമുള്ളവർക്ക് സുഗമമായി പ്രവേശിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് പൊതുമരാമത്ത് വകുപ്പ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്;

(ബി) പുതുതായി നിർമ്മിക്കുന്ന സർക്കാർ കെട്ടിടങ്ങൾക്ക് ഇത്തരം സൗകര്യങ്ങൾ നിർബന്ധമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) അംഗവൈകല്യമുള്ള സന്ദർശകർ ഉൾപ്പെടെയുള്ളവർക്ക് സർക്കാർ കെട്ടിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജനുവരി 26.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്.

[ചട്ടം 47(1)].

'T' ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.